**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1374** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് തടയുന്നതിന് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. സ്കൂളിന്റെ എല്ലാ കോണുകളിലും അദ്ധ്യാപകരുടെയും സുരക്ഷാ ജീവനക്കാരുടെയും ശ്രദ്ധ സദാ സമയവും എത്തുന്ന തരത്തിൽ ചുമതലകൾ വിഭജിച്ചു നൽകി. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രഥമാദ്ധ്യാപകരെ ചുമതലപ്പെടുത്തി. സ്കൂളിലേയ്ക്കെത്തുന്ന അദ്ധ്യാപകരും വിദ്യാർത്ഥികളുമല്ലാത്ത മുഴുവൻ വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും അവരുടെ വരവിന്റെ ഉദ്ദേശ്യവും, വന്നതും പോയതുമായ സമയം രേഖപ്പെടുത്തുന്നതിനും വ്യക്തമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകി.<br><br>വിദ്യാർത്ഥികൾക്കിടയിലുള്ള ജീവിതശൈലീ രോഗങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് ഈ വർഷം ആദ്യഘട്ടമെന്ന നിലയിൽ മുഴുവൻ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ജീവിതശൈലീ രോഗനിർണ്ണയ വേളയിൽ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നു. ഇത്തരം ആരോഗ്യപരമായ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളെ തൊട്ടടുത്ത പി.എച്ച്.സി കളുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ(സി.ജി.സി.സി), നാഷണൽ സർവ്വീസ്സ്കീം (എൻ.എസ്.എസ്) പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികൾ ലഹരി ഉപയോഗം നിരുൽസാഹപ്പെടുത്തുന്നതിനും ലഹരി ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങൾ സംബന്ധിച്ചഅവബോധംസൃഷ്ടിക്കുന്നതിനുമായി താഴെപ്പറയുന്ന പരിപാടികൾ നടത്തി വരുന്നു.<br>1. ലഹരി വിരുദ്ധ ചങ്ങലകൾ, കൂട്ടയോട്ടം,<br>ഫ്ലാഷ് മോബ് തുടങ്ങിയവ<br>2. കടകളിൽ ലഹരി ഉത്പന്നങ്ങൾ<br>വിൽക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനു<br>മെതിരെയുള്ള നിയമപരമായ<br>മുന്നറിയിപ്പുകൾ പതിക്കൽ.<br>3. ലഹരി വിരുദ്ധ സന്ദേശം സംബന്ധിച്ച<br>സ്റ്റിക്കറുകൾ<br>4. വീടുകൾ കേന്ദ്രീകരിച്ചുള്ള ലഹരി വിരുദ്ധ<br>പ്രചാരണം.<br>5. സ്കൂൾ പരിസരത്തും ചുറ്റളവിലും ലഹരി<br>വസ്തുക്കൾ ഉപയോഗിക്കുന്നതിനും<br>കൈകാര്യം ചെയ്യുന്നതിനുമെതിരെയുള്ള<br>"യെല്ലോ ലൈൻ കാമ്പയിൻ.<br>6. വിദ്യാർത്ഥികളുടെ ആത്മ വിശ്വാസം<br>വളർത്തുന്നതിനുള്ള ' ഇൻസൈറ്റ്<br>പരിശീലനം<br>7. മാതാപിതാക്കൾക്ക് ലഹരിവിരുദ്ധ<br>മനോഭാവം വളർത്തുന്നതിന് പോസിറ്റീവ്<br>പാരന്റിംഗ്.<br>8. ഹാബിറ്റ് സ്ലേറ്റ്<br>9. ജാഗ്രതാ മതിൽ |

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരത്തെ ഒരു പ്രമുഖ സ്കൂളിലെ വിദ്യാർത്ഥികൾ ലഹരി വസ്തുക്കൾ ഉപയോഗിച്ച എന്ന ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | അന്വേഷണം നടത്തി. സ്കൂളിലെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്കൂളിലെത്തിയിട്ടുണ്ടായിരുന്ന ജോലിക്കാരുടെ കൈയിൽ നിന്നും വീണുപോയതോ ഉപേക്ഷിച്ചതോ ആയ സാധാരണ ബീഡിയാണ് കുട്ടികൾ എടുത്തത്. അതാണ് അദ്ധ്യാപകരുടെ ശ്രദ്ധയിൽപ്പെട്ടതെന്നും, ആയത് ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ വാങ്ങി നശിപ്പിക്കുകയും കുട്ടികൾക്ക് വ്യക്തമായ മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുള്ളതുമാണ്. ഈ ഒരു സംഭവമല്ലാതെ പ്രസ്തുത സ്കൂളിൽ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് യാതൊരുതരത്തിലുള്ള സംഭവങ്ങളും ഉണ്ടായിട്ടില്ലായെന്നാണ് അദ്ധ്യാപകരുൾപ്പെടെയുള്ള സ്കൂളധികാരികൾ ബോധിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ